Lalith Babu

**രജിസ്ട്രേഷൻ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ വകുപ്പിലെ നിയമപ്രകാരം ഈടാക്കി നൽകേണ്ട രേഖകൾ വിവരാവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരമുള്ള ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളൂ എന്ന വിവരാവകാശ കമീഷന്റെ ഉത്തരവ് പാലിക്കാത്തിന്റെ പേരിൽ ജീവനക്കാർക്കെതിരെ വിവരാവകാശ കമ്മീഷൻ ശിക്ഷ നടപടികൾ സ്വീകരിക്കാനായി പുറപ്പെടുവിച്ച ഉത്തരവ് കേരള ഹൈകോടതി സ്റ്റേ ചെയ്തു.**

**കമ്മീഷന്റെ ഉത്തരവും കേരള ഹൈകോടതിയുടെ സ്റ്റേ ഉത്തരവുകളും താഴെ കൊടുക്കുന്നു**


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം 695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920

Email: sic@kerala.nic.in


**ഹർജി നമ്പർ CP.No.231(1)/20/SIC AP.No.235(1)/20/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File Nos. 5053/SIC-Gen4/2020, 2452/SIC-Gen4/2020**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

തീയതി : 2023 ഒക്ടോബർ 16

| | |
|---|---|
| ശ്രീ. മുഹമ്മദ് അഷറഫ് എ.കെ.,<br>സ്റ്റേറ്റ് ജനറൽ സെക്രട്ടറി,<br>ജനമിത്രം കുടുംബക്ഷേമ നീതിവേദി,<br>അബ്ദു ആർക്കേഡ്, ഈസ്റ്റ് കോട്ടപ്പറമ്പ്,<br>കോഴിക്കോട് – 673 001. | പരാതി ഹർജിക്കാരൻ |

| | |
|---|---|
| 1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സബ് രജിസ്ട്രാർ,<br>സബ് രജിസ്ട്രാർ ഓഫീസ്,<br>താമരശ്ശേരി ടൗൺ.<br>2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സബ് രജിസ്ട്രാർ,<br>സബ് രജിസ്ട്രാർ ഓഫീസ്,<br>കോഴിക്കോട്.<br>3) അപ്പീൽ അധികാരി &<br>ജില്ലാ രജിസ്ട്രാർ (ജനറൽ),<br>ജില്ലാ രജിസ്ട്രാർ ജനറൽ ഓഫീസ്,<br>കോഴിക്കോട്. | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

ഹർജിക്കാരനായ ശ്രീ.എ.കെ. മുഹമ്മദ് അഷ്റഫ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജികളിൽ താമരശ്ശേരി സബ് രജിസ്ട്രാർക്കെതിരെയുള്ള സി.പി. 231(1)/2019/എസ്.ഐ.സി. പരാതി ഹർജി, കോഴിക്കോട് സബ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ എന്നിവർക്കെതിരെയുള്ള എ.പി.235(1)/2020/എസ്.ഐ.സി. അപ്പീൽ ഹർജി എന്നിവകളിൽ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവുകളിലെ നിർദ്ദേശങ്ങൾ എതിർകക്ഷികൾ പാലിച്ചില്ല എന്നതിൽ ആരോപിച്ചാണ് കമ്മീഷനിൽ പരാതി നൽകിയിരിക്കുന്നത്.

2. എ.പി.235(1)/2020/എസ്.ഐ.സി. നമ്പർ ഹർജിയിലെ 20.6.2020–ലെ ഉത്തരവിൽ 1986 മുതലുള്ള വിവരങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുള്ള സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളിൽ കമ്പ്യൂട്ടറിൽ സൂക്ഷിച്ചിട്ടുള്ള വിവരങ്ങൾ കമ്മീഷൻ ഉത്തരവ് ലഭിച്ച് 20 ദിവസങ്ങൾക്കകം രണ്ടാം എതിർകക്ഷി ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഉത്തരവായിരുന്നു.

3. സി.പി. 231(1)/2019/എസ്.ഐ.സി. നമ്പർ ഹർജിയിലെ 07.07.2020–ലെ ഉത്തരവിൽ ഒന്നാം എതിർകക്ഷി ഹർജിക്കാരനിൽ നിന്നും ഈടാക്കിയ തുക നിയമാനുസൃതമല്ലെന്ന് കമ്മീഷൻ വിലയിരുത്തി ഹർജിക്കാരനിൽ നിന്നും ഈടാക്കിയ 7920/– രൂപയിൽ നിന്നും പേജ് ഒന്നിന് 2/– രൂപ നിരക്കിൽ ഹർജിക്കാരന് നൽകിയ രേഖകൾക്ക് ചെലവായ തുക കുറച്ച് ബാക്കിയുള്ള തുക ഹർജിക്കാരന് കമ്മീഷൻ ഉത്തരവ് കൈപ്പറ്റി 30 ദിവസങ്ങൾക്കകം തിരികെ നൽകണമെന്നു കമ്മീഷൻ ഉത്തരവായിരുന്നു. എന്നാൽ നാളിതുവരെ കമ്മീഷന്റെ 7.7.2020–ലെ ഉത്തരവിലെ നിർദ്ദേശം ഒന്നാം എതിർകക്ഷി നടപ്പിലാക്കിയിട്ടില്ല.

4. ഹർജിക്കാരൻ 28.03.2023–ൽ ഇപ്പോൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതിയിൽ മേൽ പറഞ്ഞ രണ്ടു ഹർജികളിലെയും കമ്മീഷൻ ഉത്തരവിലെ നിർദ്ദേശങ്ങൾ എതിർകക്ഷികൾ പാലിച്ചില്ലായെന്നും ആയതിനാൽ ഹർജിക്കാരന്റെ പരാതി ബഹു. മുഖ്യവിവരാവകാശ കമ്മീഷണർ തന്നെ അടിയന്തിരമായി പരിഗണിക്കുകയോ അല്ലെങ്കിൽ മറ്റു കമ്മീഷണർമാർക്ക് മേൽ ഫയലുകൾ കൈമാറുകയോ ചെയ്തുകൊണ്ട് ഹർജിക്കാരന് നീതിയുക്തമായ ഒരു തീരുമാനം ഉണ്ടാക്കി തരികയും ഒരു സിവിൽ കോടതിക്ക് സമാനമായ ബഹു. വിവരാവകാശ കമ്മീഷന്റെ ഉത്തരവുകൾ പാലിക്കാത്ത എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമത്തിൽ പറയും പ്രകാരമുള്ള ശിക്ഷാനടപടികളും വകുപ്പു തല നടപടികളും പിഴശിക്ഷയും ഉണ്ടാവണമെന്നും, എതിർകക്ഷികളുടെ പ്രവർത്തനം മൂലം പരാതിക്കാരനുണ്ടായ ഭീമമായ നഷ്ടങ്ങളിലേക്കായി എതിർകക്ഷികളിൽ നിന്നും 5000/– രൂപ വീതം അപേക്ഷകന് നഷ്ടപരിഹാരമായി ഈടാക്കി നൽകണമെന്നുമാണ്.

5. രണ്ട് ഹർജികളും കമ്മീഷൻ ഒരുമിച്ചു പരിഗണിക്കുകയുണ്ടായി. ഹർജികളും ബന്ധപ്പെട്ട രേഖകളും എതിർകക്ഷികൾ സമർപ്പിച്ച റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഒന്നാം എതിർകക്ഷി താമരശ്ശേരി സബ് രജിസ്ട്രാർ ശ്രീ. രാഹുൽ കൃഷ്ണനേയും രണ്ടാം എതിർകക്ഷി കോഴിക്കോട് സബ് രജിസ്ട്രാർ ശ്രീമതി പ്രീതിയേയും നേരിട്ടും അപ്പീൽ അധികാരിയും കോഴിക്കോട് ജില്ലാ രജിസ്ട്രാറുമായ ശ്രീ. ശ്രീനിവാസനെ വീഡിയോ കോൺഫറൻസ് വഴിയും പരാതി

ഹർജിക്കാരനായ ശ്രീ. മുഹമ്മദ് അഷ്റഫിനെ ഫോൺ വഴിയും കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ CP.231(1)/2020/SIC ഹർജിയിൻമേൽ ഒന്നാം എതിർകക്ഷി കമ്മീഷന്റെ ഉത്തരവ് പാലിച്ചില്ലായെന്ന് ആരോപിക്കുകയുണ്ടായി. അതേ സമയം സർക്കാരിലെ ഉത്തരവ് പരാമർശിച്ചുകൊണ്ട് രജിസ്ട്രേഷൻ ആക്ട് ആന്റ് റൂൾസ് പ്രകാരമുള്ള ഫീസ് മാത്രമേ പരാതിക്കാരനിൽ നിന്നും ഈടാക്കിയിട്ടുള്ളുവെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൻമേൽ രേഖകളുടെ പകർപ്പ് ആവശ്യപ്പെടുമ്പോൾ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ഫീസ് മാത്രമേ ഈടാക്കാവൂ എന്ന് ഹിയറിംഗ് വേളയിൽ കമ്മീഷൻ എതിർകക്ഷികളെ അറിയിച്ചു. ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവ് പ്രസക്തമല്ലെന്നും കമ്മീഷൻ എതിർകക്ഷികളെ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ സർവ്വകലാശാല ഫയൽ ചെയ്ത WP(C) 3243/2023 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ 8.2.2023-ലെ വിധി ന്യായത്തിൽ ഇക്കാര്യം താഴെ പറയുന്ന വിധം വിശദമായി പ്രതിപാദിക്കുന്നുണ്ട്.

> " If a candidate seeks information under the provisions of the Right to Information Act, then payment has to be sought under the Rules therein, however, if the information is sought under the guidelines of the council, then the council would be at liberty to charge the candidate as per its guidelines. Importing the principles to the facts of this case, it would be open to the applicant to seek information either under the orders and Rules framed by the University or under the RTI Act. The Information has to be furnished to the applicent based on the avenue he chooses".

6. സി.പി. 231(1)/2020/എസ്.ഐ.സി. പരാതി ഹർജിയുമായി ബന്ധപ്പെട്ട് എസ്.പി.ഐ.ഒ. കമ്മീഷന്റെ ഉത്തരവ് നടപ്പാക്കുന്നത് ലംഘിച്ചതായി കമ്മീഷന് ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷിയോട് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനിൽ നിന്നും ഈടാക്കിയ 7920/- രൂപയിൽ നിന്നും പേജൊന്നിന് 2/- രൂപ നിരക്കിൽ ഹർജിക്കാരന് നൽകിയ രേഖകൾക്ക് ചെലവായ തുക ഒഴിച്ച് ബാക്കിയുള്ള തുക സംബന്ധിച്ച് ഐ.ജി.രജിസ്ട്രേഷന് കമ്മീഷന്റെ ഉത്തരവ് ഉൾപ്പെടുത്തി കത്ത് ഉടൻ നൽകുന്നതാണെന്ന് ഹിയറിംഗിൽ വേളയിൽ കമ്മീഷൻ മുമ്പാകെ നേരിട്ട് പങ്കെടുത്ത രണ്ട് എസ്.പി.ഐ.ഒ.മാരും

ബോധിപ്പിക്കുകയുണ്ടായി. കമ്മീഷന്റെ ഉത്തരവ് സമയപരിധിക്കുള്ളിൽ തന്നെ നടപ്പാക്കണമെന്ന് എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. കമ്മീഷൻ നിർദ്ദേശം സമയപരിധിക്കുള്ളിൽ നടപ്പാക്കിയില്ലായെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിവരാവകാശ നിയമപ്രകാരമുള്ള ശിക്ഷാനടപടിക്ക് വിധേയമാകുന്നതാണ്. എ.പി.235(1)/2020/എസ്.ഐ.സി. ഹർജിയിൽ പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതിരുന്നത് ഫയൽ തെരയുന്നതിനുള്ള ഫീ ടിയാൻ നൽകാത്തതുകൊണ്ടാണെന്നുള്ള എതിർകക്ഷികളുടെ വാദം വിവരാവകാശ നിയമപ്രകാരം അപ്രസക്തമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. കമ്മീഷൻ പരിഗണിച്ച 2 ഹർജികളിലും പരാമർശിത കാലയളവിലെ 1-ഉം 2-ഉം എതിർകക്ഷികൾ കമ്മീഷന്റെ ഉത്തരവ് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി കമ്മീഷന് ബോധ്യമാകുന്നു. ആയത് വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരം ശിക്ഷാർഹമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.മാർക്കെതിരെ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷികൾക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി **10.11.2023-നകം** രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷികൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ മേൽപ്പടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. കൂടാതെ ഹർജിക്കാരന് തിരികെ നൽകേണ്ടതായ തുക 15.11.2023-നകം തന്നെ ടിയാന് തിരിച്ചു നൽകണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷികളോട് നിർദ്ദേശിക്കുന്നു.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ ഹർജികൾ ഇന്നേ ദിവസം 2023 ഒക്ടോബർ 16-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി